## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2079. 10.10. 2011-ൽ മറുപടിയ്ക്ക്

### കാസർഗോഡ് ജില്ലയിൽ എച്ച്1.എൻ1. പനി പരിശോധനാ ലാബുകൾ ആരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ ആറുമാസകാലയളവിൽ പകർച്ച പനി മൂലം എത്ര പേർ മരണപ്പെട്ടുവെന്നും ഏതെല്ലാം പനിമൂലം എത്രപേരാണ് മരിച്ചതെന്നും വ്യക്തമാക്കാമോ; | (എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ ആറുമാസ കാലയളവിൽ (ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ) 23 പേർ മരണപ്പെടുകയുണ്ടായി. സംശയാസ്പദമായ എലിപ്പനിമൂലം 14 പേരും, സ്ഥിരീകരിച്ച എലിപ്പനി മൂലം 9 പേരുമാണ് മരണപ്പെട്ടത്. |
| (ബി) എച്ച്1.എൻ1. പനി ബാധിതരെ കണ്ടെത്തുകയോ അതുമൂലം ആരെങ്കിലും മരണപ്പെടുകയോ ചെയ്തിട്ടുണ്ടോ; | (ബി) കാസർഗോഡ് ജില്ലയിൽ 2011 ൽ 5 പേർക്കാണ് എച്ച്1.എൻ1. പനി സ്ഥിരീകരിച്ചത്. എന്നാൽ എച്ച്1.എൻ1. പനി പിടിപ്പെട്ട് ആരും തന്നെ മരണപ്പെട്ടിട്ടില്ല. |
| (സി) പനി ബാധ സ്ഥിരീകരിക്കുന്നതിനുള്ള പരിശോധന എവിടെയാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (സി) കേരളത്തിൽ നിന്നുള്ള എച്ച്1.എൻ1. പരിശോധന കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ അംഗീകാരമുള്ള രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി ലാബ്, തിരുവനന്തപുരം, മണിപ്പാൽ സെന്റർ ഫോർ വൈറോളജി റിസർച്ച് ലാബ്(എം.സി.വി.ആർ) മണിപ്പാൽ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, ആലപ്പുഴ എന്നീ ലാബുകളിലാണ് നടത്തുന്നത്. കാസർഗോഡ് നിന്ന് സ്ഥിരമായി മണിപ്പാൽ ലാബിലേക്കാണ് സാമ്പിളുകൾ അയയ്ക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പരിശോധനയ്ക്കയച്ച രക്ത സാമ്പിളുകൾ മംഗളൂരു റെയിൽവേ സ്റ്റേഷനിൽ അനാഥമായി കിടന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണിപ്പാൽ ലാബിലേക്ക് അയച്ച സ്രവപരിശോധനയ്ക്കുള്ള പെട്ടിയിൽ എഴുതിയ മേൽവിലാസത്തിൽ മണിപ്പാൽ എന്നതിനുപകരം മംഗലാപുരം എന്നെഴുതിയ പിഴവിനാലാണ് ഇത് സംഭവിച്ചത്. ഇത് ശ്രദ്ധയിൽപ്പെട്ടയുടനെ മണിപ്പാൽ ലാബ് അധികൃതർ മേൽപ്പടി സാമ്പിളുകൾ മംഗലാപുരത്ത് നിന്ന് മണിപ്പാലിൽ എത്തിക്കുകയും പരിശോധന നടത്തിയതിൽ വച്ച് നെഗറ്റീവ് എന്ന് സ്ഥിരീകരിക്കുക യുണ്ടായി. ഇക്കാര്യത്തിൽ പിഴവ് സംഭവിക്കാതിരിക്കുവാൻ വേണ്ട നടപടികളെടുക്കാൻ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ ജില്ലയിൽ ഇത്തരം പരിശോധനയ്ക്കാവശ്യമായ ആധുനിക സൗകര്യങ്ങളോടുകൂടിയ ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഉയർന്ന സാങ്കേതിക ഗുണഗനിലവാരം ഉയർത്തുന്ന മൂന്ന് ലാബുകളിലാണ് ഇപ്പോൾ എച്ച്1.എൻ1. സ്രവപരിശോധന നടത്തുന്നത്. എച്ച്1.എൻ1. പരിശോധനയ്ക്ക് ഇപ്പോൾ തന്നെ ഈ ലാബുകൾ പൂർണ്ണമായും സജ്ജമാണ്. കൂടുതൽ ലാബ് സൗകര്യം ഒരുക്കുന്ന കാര്യം പരിശോധിയ്ക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ